**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** **10-02-2025 - ൽ മറുപടിയ്ക്ക്**

**പാത്തുമ്മുവിനു വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വെന്നിയൂർ സെക്ഷനിൽ മരണപ്പെട്ട പെരുവൻ കുഴിയിൽ അഹമ്മദിന്റെ ഭാര്യ 75 കാരിയായ പാത്തുമ്മു 2015-ൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നെങ്കിലും കണക്ഷൻ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി.പാത്തുമ്മു മലയംപള്ളി, ഇവരുടെ മകനായ ശ്രീ. അബ്ദുൽ സലാം എന്നിവരുടെ കൂടി ഉടമസ്ഥതയിലുള്ള സ്ഥലത്ത് 18.03.2014-ന് വൈദ്യുതി ദുരുപയോഗം ചെയ്തത് കണ്ടെത്തി ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 126 പ്രകാരം പിഴയായി 5,966/- രൂപ കണക്കാക്കുകയും ഈ തുക അടവാക്കിയിട്ടുള്ളതുമാണ്. ഇതിനു ശേഷം 22.09.2015 -ന് ഇതേ സ്ഥലത്തു തന്നെ കെട്ടിടത്തിന്റെ നിർമ്മാണാവശ്യത്തിനായി കൃത്രിമ മാർഗ്ഗത്തിലൂടെ വൈദ്യുതി മോഷണം നടത്തി ഉപയോഗിക്കുന്നതു കണ്ടെത്തി 46,180/- രൂപയുടെ ബിൽ നല്കിയെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. 2015-ൽ പ്രസ്തുത കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുവാനായി അപേക്ഷ സമർപ്പിച്ചപ്പോൾ കുടിശ്ശിക നിലനിൽക്കുന്ന പ്രിമൈസസിലേയ്ക്ക് വൈദ്യുതി കണക്ഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം നൽകാനായില്ല. |
| (ബി) | ശ്രീമതി പാത്തുമ്മുവിനു വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി.പാത്തുമ്മു മലയംപള്ളി, ഇവരുടെ മകനായ ശ്രീ. അബ്ദുൽ സലാം എന്നിവരുടെ കൂടി ഉടമസ്ഥതയിലുള്ള സ്ഥലത്ത് 18.03.2014-ന് വൈദ്യുതി ദുരുപയോഗം ചെയ്തത് കണ്ടെത്തി ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 126 പ്രകാരം പിഴയായി 5,966/- രൂപ കണക്കാക്കുകയും ഈ തുക അടവാക്കിയിട്ടുള്ളതുമാണ്. ഇതിനു ശേഷം 22.09.2015 -ന് ഇതേ സ്ഥലത്തു തന്നെ കെട്ടിടത്തിന്റെ നിർമ്മാണാവശ്യത്തിനായി കൃത്രിമ മാർഗ്ഗത്തിലൂടെ വൈദ്യുതി മോഷണം നടത്തി ഉപയോഗിക്കുന്നതു കണ്ടെത്തി 46,180/- രൂപയുടെ ബിൽ നല്കിയെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. 2015-ൽ പ്രസ്തുത കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുവാനായി അപേക്ഷ സമർപ്പിച്ചപ്പോൾ കുടിശ്ശിക നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രിമൈസസിലേയ്ക്ക് വൈദ്യുതി കണക്ഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം നൽകാനായില്ല. |
| (സി) | ഇഇ സംബന്ധിച്ച് കോടതിയുടെ ഉത്തരവുകൾ എന്തെങ്കിലും വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ബഹു.ഹൈക്കോടതി WP(C) 22429/2019–ൽ 29.08.2019-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കണക്ഷൻ പുനഃസ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 -ലെ കണക്ഷൻ പുനഃസ്ഥാപിച്ച നൽകാനുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല. |
| (ഡി) | ശ്രീമതി പാത്തുമ്മുവിനു എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ബഹു.ഹൈക്കോടതി WP(C) 22429/2019–ൽ 29.08.2019-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കണക്ഷൻ പുനഃസ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 -ലെ കണക്ഷൻ പുനഃസ്ഥാപിച്ച നൽകാനുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ